# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6929 13.07.2012 ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ കുഴൽക്കിണറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. കെ. രാജു | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്ത് കുഴിച്ചിട്ടുള്ള കുഴൽ കിണറുകളുടെ മൊത്തം എണ്ണം ഭൂഗർഭ ജല വകുപ്പിന്റെ കൈവശമുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; ഇതിൽ സ്വകാര്യ മേഖലയിലുള്ളവ എത്ര ; | എ) സംസ്ഥാനത്ത് കുഴിച്ചിട്ടുള്ള കുഴൽകിണറുകളുടെ മൊത്തം എണ്ണം ഭൂജല വകുപ്പിൽ ലഭ്യമല്ല. എന്നാൽ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഭൂജല വകുപ്പ് മുഖേന 2012 ജൂൺ വരെ 28179 വിവിധതരം കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലുള്ളവ സംബന്ധിച്ച കണക്കുകൾ ഭൂജല വകുപ്പിൽ ലഭ്യമല്ല. |
| ബി) പ്രവർത്തനരഹിതമായ കുഴൽക്കിണറുകളുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ കണക്ക് എത്ര ; | ബി) സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും, പഞ്ചായത്തുകൾക്കും വേണ്ടി നിർമ്മാണം നടത്തി കുഴൽ കിണറുകൾ കൈമാറുകയാണ് പതിവ്. അതുകൊണ്ട് അവയുടെ തുടരന്വേഷണം വേണ്ടതായി വരുന്നില്ല. അതിനാൽ തന്നെ ഇതിന്റെ കണക്കുകൾ ഭൂജല വകുപ്പിൽ ലഭ്യമല്ല. |
| സി) അപകടങ്ങൾ ഒഴിവാക്കുന്നതിനായി ഉപേക്ഷിക്കപ്പെട്ട കുഴൽ കിണറുകൾ കണ്ടെത്തി അവ നികത്തുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | സി) സ്വകാര്യ ഡ്രില്ലിംഗ് ഏജൻസികൾ നിർമ്മിച്ച് പരാജയപ്പെട്ട കുഴൽ കിണറുകളെ പറ്റിയുള്ള വിവരങ്ങൾ സമർപ്പിക്കുവാൻ ജില്ലാതല ആഫീസർമാർക്ക് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് തലത്തിൽ കുഴിച്ച കുഴൽ കിണറുകളുടെ അപകടാവസ്ഥ റിപ്പോർട്ട് ചെയ്തിട്ടില്ല. അത്തരത്തിൽ ബോദ്ധ്യപ്പെട്ടാൽ അവ നികത്താൻ വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ